"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - പി.എം.ആർ. വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ആൻസി ജോസഫ് ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A. 905/2025-ന്മേലുള്ള 19.06.2025 തീയതിയിലെ ഉത്തരവ് - അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2544/2025/H&FWD തീയതി,തിരുവനന്തപുരം, 25-08-2025

---

പരാമർശം:-

1. ഡോ.ആൻസി ജോസഫ് 03.06.2025 തീയതിയായി ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ. (Annexure A8)
2. O.A.905/2025-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 19.06.2025 തീയതിയായ അന്തിമ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 26.07.2025-ലെ DHS/15226/2025-EB3 നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച 2025-ലെ പൊതുസ്ഥലംമാറ്റ സ്ഥലംമാറ്റ ഉത്തരവിനെതിരെ ഡോ.ആൻസി ജോസഫ് ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ പരാമർശം (1) അപ്പീൽ അപേക്ഷ സമർപ്പിക്കുകയും, ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 905/2025 ഫയൽ ചെയ്യുകയുമുണ്ടായി. അപേക്ഷകയെ നിരവധി പ്രാവശ്യം ഹോം സ്റ്റേഷന് പുറത്ത് നിയമിച്ചിട്ടുള്ളതും, ടിയാളുടെ ഔട്ട് സ്റ്റേഷൻ സർവ്വീസും കണക്കിലെടുത്ത് അപേക്ഷക ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് മുമ്പാകെ സമർപ്പിച്ച പരാമർശം (1) അപ്പീൽ അപേക്ഷ പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബഹു:ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. കൂടാതെ, അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ അപേക്ഷക നിലവിൽ ഗർഭാവസ്ഥയുടെ അവസാനഘട്ടത്തിലാണെന്ന വസ്തുത കൂടി പരിഗണിക്കേണ്ടതാണെന്നും

ബഹു:ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2) പരാമർശം (1) അപ്പീൽ അപേക്ഷയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:
12/07/2011-ൽ അസിസ്റ്റന്റ് സർജനായി ചേർത്തല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു. 21.11.2014 വരെ ടി ആശുപത്രിയിൽ ജോലിയിൽ തുടർന്നു. 13.11.2014-ൽ സ്പെഷ്യാലിറ്റി കേഡറിൽ പി.എം.ആർ. വിഭാഗം ജൂനിയർ കൺസൾട്ടന്റായി ഇടുക്കി ജില്ലാ ആശുപത്രിയിൽ നിയമനം ലഭിച്ചു. 08.03.2015 വരെ ടി ആശുപത്രിയിൽ ജോലി ചെയ്തു. 09.03.2015 വരെ 29.06.2018 വരെ കൊല്ലം ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തു. 2018-ലെ പൊതുസ്ഥലംമാറ്റത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി. 2022-ലെ പൊതുസ്ഥലംമാറ്റത്തിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റി. 2025-ൽ പൊതുസ്ഥലംമാറ്റത്തിനായി അപേക്ഷ ക്ഷണിച്ചപ്പോൾ, ആലപ്പുഴയിലെ ജനറൽ ആശുപത്രിയിലെ ഡോ. അരുൺ അരവിന്ദ് മൂന്ന് വർഷം പൂർത്തിയാക്കിയതിനാൽ, ആലപ്പുഴ ജനറൽ ആശുപത്രി ഏക ഓപ്ഷനായി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ കരട് ലിസ്റ്റിൽ കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡോ.ബിനു.സി.ജോൺ-നെ ആലപ്പുഴ ജനറൽ ആശുപത്രിയിൽ പരിഗണിച്ചു. ആയതിനെതിരെ അപ്പീൽ ഹർജി സമർപ്പിച്ചിരുന്നുവെങ്കിലും പരിഗണിച്ചില്ല. പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാത്ത ഡോ.ബിനു സി ജോണിനെ അന്തിമപട്ടികയിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റിയത് വളരെ ഏകപക്ഷീയവും നിയമവിരുദ്ധവുമാണ്. ട്രാൻസ്ഫറിനുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ, സ്വന്തം ജില്ലയ്ക്ക് പുറത്തുള്ള എല്ലാ ജില്ലകളിലും നൽകിയ സേവനം പരിഗണിക്കണമെന്നിരിക്കെ ടിയാളെ പരിഗണിച്ചില്ല. ആലപ്പുഴ ജനറൽ ആശുപത്രിയിൽ മറ്റൊരു ഒഴിവ് ഉണ്ടാകാൻ സാധ്യതയില്ലാത്തതിനാൽ, ഔട്ട്സ്റ്റേഷൻ സേവനം കണക്കാക്കി ആലപ്പുഴ ജനറൽ ആശുപത്രിയിലേക്ക് പരിഗണിക്കണം. തിരുവല്ലയിൽ താമസമുള്ള ഡോ. ബിനു സി. ജോണിനെ കോഴഞ്ചരി ജില്ലാ ആശുപത്രിയിൽ നിന്നും പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്ക് സ്ഥലം മാറ്റുകയാണെങ്കിൽ യാതൊരു ബുദ്ധിമുട്ടുണ്ടാകുകയില്ലെന്നും ടിയാളുടെ ശാരീരികാവസ്ഥ കണക്കിലെടുത്ത് സ്വവസതിയിൽ നിന്നും 15 കിലോമീറ്റർ മാത്രം അകലമുള്ള ആലപ്പുഴ ജനറൽ ആശുപത്രിയിലേക്ക് സ്ഥലമാറ്റം നൽകണം.

3) ഡോ.ആൻസി ജോസ് 18.05.2022 മുതൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ജോലി ചെയ്തു വരുന്നതായും, പൊതുസ്ഥലംമാറ്റത്തിനായുള്ള സർക്കാർ മാനദണ്ഡ പ്രകാരം നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകുന്ന ജീവനക്കാരെ മാത്രമാണ് പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കുകയുള്ളൂ എന്നതിനാലും 2025 ഏപ്രിൽ 30 വരെയുള്ള

സേവനം കണക്കിലെടുത്താണ് 3 വർഷക്കാലയളവ് തീരുമാനിക്കുന്നത് എന്നതിനാലും ഡോ.ആൻസി ജോസഫിന്റെ അപേക്ഷ പരിഗണിക്കുവാൻ നിർവാഹമില്ല എന്നും, 2025 വർഷത്തെ പൊതുസ്ഥലംമാറ്റത്തിൽ പാലാ ജനറൽ ആശുപത്രിയിലെ ഡോ.അനിത് ആന്റണി കോഴഞ്ചേരി ജില്ലാ ആശുപത്രിയിലേക്കും ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഡോ.അരുൺ അരവിന്ദ് പാലാ ജനറൽ ആശുപത്രിയിലേക്കും സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നതായും കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ 3 വർഷം പൂർത്തിയാക്കിയ ഡോ.ബിനു.സി.ജോൺ-നെ മാറ്റി ഡോ.അനിത് ആന്റണിയെ കോഴഞ്ചേരിയിലും ടി ഒഴിവിൽ ഡോ.അരുൺ അരവിന്ദിനെയും നിയമിച്ചിരുന്നതായും, കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡോ.ബിനു.സി.ജോൺ കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ 3 വർഷം പൂർത്തിയാക്കിയെന്നാലും, ടിയാൾ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നില്ല എന്നും, എന്നാൽ പാലാ ജനറൽ ആശുപത്രിയിലെ ഡോ.അനിത് ആന്റണി കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ നിയമനം ആവശ്യപ്പെട്ടിരുന്നതിനാൽ, ഡോ.ബിനു സി. ജോണിന് ആലപ്പുഴ ജനറൽ ആശുപത്രിയിലേയ്ക്ക് നിർബന്ധിത സ്ഥലംമാറ്റം അനുവദിച്ചതായും പരാമർശം (3) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആലപ്പുഴ ജനറൽ ആശുപത്രിയിലേക്ക് മൂന്ന് വർഷം പൂർത്തിയാക്കിയ മറ്റ് മെഡിക്കൽ ഓഫീസർമാരുടെ അപേക്ഷ ഇല്ലാത്ത സാഹചര്യത്തിലാണ് ഡോ.ബിനു.സി.ജോണിനെ ആലപ്പുഴ ജനറൽ ആശുപത്രിയിൽ പരിഗണിച്ചിരുന്നതെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

4) സർക്കാർ ഈ വിഷയം പരിശോധിച്ചു. 12/07/2011-ൽ അസിസ്റ്റന്റ് സർജനായി ആരോഗ്യ വകുപ്പിൽ പ്രവേശിച്ച പി.എം.ആർ. വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ആൻസി ജോസഫിന്റെ ഹോം സ്റ്റേഷൻ ആലപ്പുഴയാണെങ്കിലും, ടിയാൾ സർവ്വീസിൽ നിരവധി വർഷം ആലപ്പുഴ ജില്ലയ്ക്ക് പുറത്ത് ജോലി നോക്കിയിരുന്നു. നിലവിൽ 18.05.2022 മുതൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ജോലി നോക്കി വരുന്നു. 2025 പൊതുസ്ഥലംമാറ്റത്തിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും 3 വർഷം പൂർത്തിയാകാൻ 17 ദിവസം ബാക്കിയുള്ളതിനാൽ സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ചില്ല. എന്നാൽ അപേക്ഷക സ്ഥലംമാറ്റം ആവശ്യപ്പെട്ടിരിക്കുന്ന ആലപ്പുഴ ജനറൽ ആശുപത്രിയിൽ പൊതുസ്ഥലംമാറ്റത്തിൽ നിയമനം നൽകിയിരിക്കുന്നത് സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കാത്ത കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഡോ.ബിനു സി. ജോണിനെയാണ്. കോഴഞ്ചേരി ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ച പാലാ ജനറൽ ആശുപത്രിയിലെ ഡോ.അനിത് ആന്റണിയെ പരിഗണിക്കുന്നതിലേയ്ക്കാണ് ഡോ.ബിനു സി.

ജോണിനെ കോഴഞ്ചേരിയിൽ നിന്നും സ്ഥലംമാറ്റിയിരുന്നത്. സ.ഉ. (സാധാ) നം. 3/2017/ഉഭപവ. തീയതി 25.02.2017 ഖണ്ഡിക 2 (i) പ്രകാരം ജില്ലാന്തരസ്ഥലംമാറ്റങ്ങൾക്കുള്ള നിബന്ധനകൾക്ക് വിധേയമായി, ഒരു സ്റ്റേഷനിൽ മൂന്നു വർഷ സർവ്വീസ് പൂർത്തിയാക്കാത്ത ജീവനക്കാരെ പൊതുസ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ അല്ലെങ്കിൽ മെയ് 31 വരെയോ ചുവടെ പറയുന്ന കാരണങ്ങൾ ഒഴികെ സാധാരണഗതിയിൽ സ്ഥലംമാറ്റാൻ പാടില്ല .

(എ) അച്ചടക്ക നടപടി / വിജിലൻസ് അന്വേഷണം

(ബി) അനുകമ്പാർഹമായ കാരണങ്ങൾ

മേൽ നിബന്ധന പ്രകാരം പരിശോധിച്ചാൽ ഡോ.ആൻസി ജോസഫിന് നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാകാൻ 17 ദിവസം ബാക്കിയുണ്ടെങ്കിലും, ബഹു:ട്രൈബ്യൂണലിലെ ഉത്തരവിൽ പരാമർശിച്ചിരിക്കുന്നതു പ്രകാരം ടിയാൾ നിലവിൽ ഗർഭാവസ്ഥയുടെ അവസാന ഘട്ടത്തിലായതിനാൽ അനുകമ്പാർഹമായ കാരണങ്ങളാൽ ടിയാൾക്ക് മേൽ നിബന്ധനയിൽ ഇളവ് ലഭിക്കുന്നതാണ്. കൂടാതെ, ടിയാൾ പൊതുസ്ഥലംമാറ്റത്തിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ട ആലപ്പുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം യോഗ്യതയുള്ള മറ്റാരും അപേക്ഷ സമർപ്പിച്ചിട്ടില്ല. നിലവിൽ ആലപ്പുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ഡോ.ബിനു സി. ജോൺ ജോലി നോക്കിയിരുന്നത് പത്തനംതിട്ട, കോഴഞ്ചേരി ജില്ലാ ആശുപത്രിയായതിനാൽ ടിയാൾക്ക് സ്ഥലംമാറ്റം അനുവദിക്കുവാൻ ഏറ്റവും അനുയോജ്യമായ സ്ഥാപനം ഡോ.ആൻസി ജോസഫ് നിലവിൽ ജോലി നോക്കുന്ന പത്തനംതിട്ട ജനറൽ ആശുപത്രിയാണ്.

5) മേൽ സാഹചര്യത്തിൽ, സ.ഉ. (സാധാ) നം. 3/2017/ഉഭപവ. തീയതി 25.02.2017 ഖണ്ഡിക 2 (i) (ബി) പ്രകാരം ഡോ.ആൻസി ജോസഫിന് ആലപ്പുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും, ആലപ്പുഴ ജനറൽ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ജൂനിയർ കൺസൾട്ടന്റ് (പി.എം.ആർ.) ഡോ.ബിനു സി. ജോണിനെ അപേക്ഷക നിലവിൽ ജോലി നോക്കുന്ന പത്തനംതിട്ട ജനറൽ ആശുപത്രിയിൽ സ്ഥലംമാറ്റം നൽകിയും O.A. 905/2025-ന്മേലുള്ള 19.06.2025 തീയതിയായ അന്തിമ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പത്തനംതിട്ട/ആലപ്പുഴ.

ഡോ.ആൻസി ജോസഫ്, ജൂനിയർ കൺസൾട്ടന്റ് (പി.എം.ആർ), ജനറൽ ആശുപത്രി, പത്തനംതിട്ട.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ (എ2/391/2025-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 26-08-2025 09:29:57

<u>മേലെഴുത്ത് കത്ത് നം.**DHS/15226/2025-EB3 തീയതി.29-08-2025**</u>

സർക്കാർ ഉത്തരവിൻറെ പകർപ്പ് അറിവിലേക്കും അനന്തരനയപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 29-08-2025 19:46:03

ആരോഗ്യവകുപ്പ് ഡയറക്ടർ